എടുത്തുകഴിഞ്ഞു. അത് 179 മെഗാവാട്ടോളം വരും. അത് ഈ പത്താം പദ്ധതിയുടെ കാലത്തു തന്നെ പൂർത്തീകരിക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുള്ള നടപടികളും എടുത്തുകഴിഞ്ഞു. പള്ളിവാസൽ പദ്ധതിയുടെ കാര്യം അന്ന് ശ്രീ. മത്തായി ചാക്കോ തന്നെ ഡിമാന്റിന്റെ ചർച്ചാവേളയിൽ ഇവിടെ പറഞ്ഞു. അത് ടെൻഡർ ചെയ്തുകഴിഞ്ഞു, ഗ്ലോബൽ ടെൻഡറാണ്. ചിലരൊക്കെ നെഗോസിയേഷനു വന്നിരുന്നു, എസ്.എൻ.സി. ലാവലിനെ പോലുള്ള ആളുകൾ. അതിനു ഞങ്ങൾ നിന്നില്ല. ഞങ്ങൾ അത് ഇന്റർനാഷണലായി തന്നെയുള്ള മാഗസിനിൽ കൊടുത്തു. അത് ഞങ്ങൾ ടെൻഡർ വിളിച്ചിരിക്കുകയാണ്. അദ്ദേഹം പറഞ്ഞു ഫൈനലൈസ് ചെയ്യാൻ, ഫൈനലൈസ് ചെയ്യാൻ ടെന്റർ അവർ തന്നു, അതിനുശേഷം പരിശോധിച്ച് ആ സമയപരിധി വച്ചുകൊണ്ടേ ചെയ്യാൻ കഴിയൂ. ശ്രീ. മത്തായി ചാക്കോ അന്ന് ചൂണ്ടിക്കാണിച്ചത് ശരിയായിരുന്നു. അതൊക്കെ വേഗത്തിലാക്കാനുള്ള നടപടികൾ ഞങ്ങൾ എടുത്തിട്ടുണ്ട്. ആ വിവരം മാത്രം അദ്ദേഹത്തിൽനിന്ന് അറിഞ്ഞില്ല. അതുതന്നെയാണ് ഇപ്പോൾ ബഹുമാനപ്പെട്ട മെമ്പറും ആവർത്തിച്ചത്. അതുകൊണ്ടാണ് ചാക്കോയുടെ പേര് പറഞ്ഞത്.

കാർഷിക സർവ്വകലാശാലാ ഗവേഷണങ്ങളും ഉൽപ്പാദന വർദ്ധനവും

*2 [562] ശ്രീ. വി. ജെ. പൗലോസ്:
ശ്രീമതി ശോഭനാ ജോർജ്ജ്:
ശ്രീ. എം. എം. ഹസ്സൻ:
" ജോർജ് ജെ. മാത്യു:
" എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നമ്മുടെ കാർഷിക സർവ്വകലാശാല എന്തെല്ലാം ഗവേഷണങ്ങളാണ് നടത്തിവരുന്നത്;

(ബി) ഈ ഗവേഷണങ്ങളുടെ ഫലം കർഷകരിൽ എത്തിക്കുന്നതെ പ്രകാരമാണ്;

(സി) 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ കാർഷിക മേഖലയിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനുതകുന്ന എന്തെല്ലാം കണ്ടുപിടിത്തങ്ങൾ കാർഷിക സർവ്വകലാശാല നടത്തിയിട്ടുണ്ട്;

(ഡി) ഈ കണ്ടുപിടിത്തങ്ങൾക്ക് എന്തെല്ലാം വിധത്തിൽ പ്രചാരം നൽകി?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ): സർ,

(എ) കാർഷിക സർവ്വകലാശാലയിൽ നടന്നുകൊണ്ടിരിക്കുന്ന ഭൂരിഭാഗം ഗവേഷണ പദ്ധതികളും ഉൽപ്പാദന വർദ്ധന ലക്ഷ്യമാക്കിയുള്ളതാണ്. പുതിയ ഇനങ്ങളുടെ വികസനം, രോഗ കീടബാധകളിൽനിന്ന് വിളകളെ സംരക്ഷിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനുള്ള പദ്ധതികൾ, പുതിയ കാർഷിക മുറകൾ കണ്ടെത്തൽ, വിളകളിൽ പോഷക മൂലകങ്ങളുടെ ആവശ്യകത തിട്ടപ്പെടുത്തൽ, മെച്ചപ്പെട്ട ജലസേചന രീതികൾ തുടങ്ങിയവയിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ ഉൽപ്പാദന വർദ്ധനയും ഗുണമേന്മയും ലക്ഷ്യമാക്കി കാർഷിക സർവ്വകലാശാല നടത്തിവരുന്നു.

(ബി) കർഷകർക്ക് നേരിട്ട് പുതിയ രീതികളുമായി ബന്ധപ്പെടുന്നതിന് പരിശീലന പരിപാടികളും സെമിനാറുകളും, പ്രദർശനത്തോട്ടങ്ങളും ആസൂത്രണം ചെയ്യുന്നു. കൃഷിക്കാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഗവേഷണ പദ്ധതികളും സർവ്വകലാശാല നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. കൃഷിയിട സന്ദർശനങ്ങൾ, സെമിനാറുകൾ, സിമ്പോസിയങ്ങൾ, പരിശീലന പരിപാടികൾ, എക്സിബിഷനുകൾ, മുൻനിര പ്രദർശനങ്ങൾ, ക്ലാസ്സുകൾ മുതലായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലൂടെ ഗവേഷണങ്ങളുടെ ഫലങ്ങൾ കർഷകരിൽ എത്തിക്കുന്നു. കൂടാതെ വാർത്താ മാധ്യമങ്ങൾ, കാർഷിക സർവ്വകലാശാലയുടെ പ്രസിദ്ധീകരണമായ "കൽപ്പധേനു" എന്നിവ മുഖേനയും ഗവേഷണ ഫലങ്ങളെപ്പറ്റിയുള്ള വിവരം കർഷകർക്ക് ലഭിക്കുന്നു.

(സി) ഉൽപ്പാദനക്ഷമതയിലും പ്രതിരോധശക്തിയിലും മുന്നിട്ടു നിൽക്കുന്നതും കർഷകരുടെ ഇടയിൽ അംഗീകാരം ലഭിച്ചിട്ടുള്ളതുമായ 32 വിളയിനങ്ങൾ കാർഷിക സർവ്വകലാശാല ഈ കാലയളവിൽ പുറത്തിറക്കി. പല ജീവാണു വളങ്ങളും കീടരോഗ നാശിനികളും വേർതിരിച്ചെടുക്കുന്നതിനും വാണിജ്യാടിസ്ഥാനത്തിൽ അവ ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കുന്നതിനും രോഗ/കീടബാധകളിൽ നിന്നും വിളകളെ രക്ഷിക്കുന്നതിനുമുള്ള ഉപാധികൾ കണ്ടെത്തുന്നതിനും തെങ്ങിലെ മണ്ഡരി രോഗ ബാധയ്ക്കെതിരെയും നെല്ലിലെ പ്രധാന രോഗ/കീടങ്ങൾക്കെതിരെയും ഉപയോഗപ്രദമായ പരിപാലന മുറകൾ കണ്ടെത്തുന്നതിനും വീടിന് ചുറ്റും തെങ്ങും മരച്ചീനിയും വാഴയും പച്ചക്കറികളും കോഴിയും പശുവും എല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള 'പുരയിടകൃഷി' നടപ്പാക്കുന്നതിനും ഉൽപ്പാദനക്ഷമത കൂടിയതും ലാഭകരവുമായ മോഡലുകൾ വികസിപ്പിച്ചെടുക്കുന്നതിനും ഈ കാലയളവിൽ സർവ്വകലാശാലയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

(ഡി) കാർഷിക സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങൾക്ക് പ്രചാരം നൽകുന്നതിനും അവ കർഷകരിൽ എത്തിക്കുന്നതിനും സർവ്വകലാശാലാ എല്ലാ മാധ്യമങ്ങളുടെയും പ്രയോജനം ഉപയോഗപ്പെടുത്തുന്നുണ്ട്. അതൊടൊപ്പം സെമിനാറുകൾ, പരിശീലന പരിപാടികൾ എന്നിവ വഴി കർഷകർക്ക് നേരിട്ട് പുതിയ രീതികളുമായി ബന്ധപ്പെടുന്നതിന് കഴിഞ്ഞിട്ടുണ്ട്. പുരയിടകൃഷി, മണ്ഡരി നിർമ്മാർജ്ജനം എന്നിവ കൃഷിക്കാരെ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികളായിരുന്നു. കാർഷിക സർവ്വകലാശാലയുടെ പ്രസിദ്ധീകരണമായ "കല്പധേനു" മുഖേന സർവ്വകലാശാലയുടെ ഗവേഷണ ഫലങ്ങൾ കർഷകരിൽ എത്തുന്നുണ്ട്. ഇതിനും പുറമേ കൃഷി വകുപ്പ് ഈ ഗവേഷണ ഫലങ്ങളുടെ എക്സ്റ്റെൻഷൻ സർവ്വീസാണ്.

LIBRARY ARCHIVES Kerala Legislative Assembly